# ഇരവികുളം



കേരളത്തിലെ ആദ്യ ദേശീയോദ്യാനമായ ഇരവികുളം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. 97 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഈ ദേശീയോദ്യാനം 1978 ലാണ് രൂപീകരിച്ചത്. ഈർപ്പമുള്ള കാലാവസ്ഥയും, നല്ല മഴയും ലഭിക്കുന്ന പാരിസ്ഥിതിക പ്രാധാന്യമേറിയ ഈ പ്രദേശം ചോലക്കാടുകളും, പുൽമേടുകളും, വെള്ളച്ചാട്ടങ്ങളും കൊണ്ട് പ്രകൃതിരമണീയമാണ്. വംശനാശഭീഷണി നേരിടുന്ന ദക്ഷിണേന്ത്യയിലെ ഏക കാട്ടാടായ വരയാടിന്റെ സംരക്ഷണസങ്കേതമാണിവിടം. നീലകുറിഞ്ഞി താഴ്വാരം സമീപത്തായതിനാൽ വിനോദസഞ്ചാരികളുടെ ഇഷ്ടതാവളം കൂടിയാണ് കേരളത്തിലെ ഏറ്റവും വലിയ ഈ ദേശീയോദ്യാനം.

ദേശീയോദ്യാനത്തിലെ ലക്കം വെള്ളച്ചാട്ടം സന്ദർശകരെ ഏറെ ആകർഷിക്കുന്നു. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി (ഉയരം 2695 മീറ്റർ) ഈ മേഖലയിലാണ്. ഗോൾഡസ്ബെറി ട്രെയിൽ എന്ന പേരിൽ രാജമല ടൂറിസം സോണിൽ നിന്നും ആദിവാസി സെറ്റിൽമെന്റുകളായ നൂറാടിക്കുടി, ലക്കംകുടി, പരപ്പയാർ എന്നിവിടേക്ക് ട്രക്കിംഗ് സൗകര്യമുണ്ട്. ഡിസംബർ മുതൽ മെയ് വരെ മാസങ്ങളിലാണ് ടൂറിസ്റ്റുകൾ കൂടുതൽ എത്തുന്നത്. ദേവികുളത്തും മൂന്നാറിലും, ഗവ. ഗസ്റ്റ്ഹൗസുകൾ ലഭ്യമാണ്. പൊതുമരാമത്തുവക റസ്റ്റ് ഹൗസിലും താമസ സൗകര്യമുണ്ട്. വനം വകുപ്പിന്റെ ഡോർമെറ്ററിയിലും താമസിക്കാം.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 97 ച.കി.മീറ്റർ |
| വർഷപാതം | - | 3000 മി.മീറ്റർ |
| ഊഷ്മാവ് | - | $11^0$ - $24^0$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 1500-2695മീറ്റർ |
| സന്ദർശനകാലം | - | സെപ്തംബർ - ജനുവരി<br>ഏപ്രിൽ - മെയ് |



എറണാകുളത്തുനിന്നും 150 കി.മീറ്ററും, കോയമ്പത്തൂരിൽ നിന്നും 175 കി.മീറ്ററും സഞ്ചരിച്ചാൽ ഇരവികുളത്തെത്താം. ഇരവികുളം നാഷണൽപാർക്കിൽ നിന്നും 13 കി.മീറ്റർ ദൂരമേയുള്ളൂ മൂന്നാർ ടൗണിലേയ്ക്ക്. മൂന്നാർ ഉടുമൽപെട്ട് സ്റ്റേറ്റ് ഹൈവേയിലൂടെ ബസ്സിൽ മൂന്നാറിൽ നിന്നും 9 കി. മീറ്റർ സഞ്ചരിച്ചാൽ ദേശീയോദ്യാനത്തിന്റെ പ്രവേശന കവാടത്തിൽ എത്താം.


*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്ലൈഫ് വാർഡൻ

മൂന്നാർ പി.ഒ. ഇടുക്കി ജില്ല-685612.

ഫോൺ : 04865-231587 മൊബൈൽ - 9447979093

E-mail- enpmunnar@gmail.com.

website.www.eravikulam.org.





